## സൂറഃ-9

# അത്തൗബ

وَإِن نَّكَثُوٓا۟ أَيْمَـٰنَهُم مِّنۢ بَعْدِ عَهْدِهِمْ وَطَعَنُوا۟ فِى دِينِكُمْ فَقَـٰتِلُوٓا۟
أَئِمَّةَ ٱلْكُفْرِ ۙ إِنَّهُمْ لَآ أَيْمَـٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ﴿١٢﴾

12. കരാർ ചെയ്ത ശേഷം പ്രതിജ്ഞ ലംഘിക്കുകയും നിങ്ങളെ മതത്തിൽ കുത്തിനോവിക്കുകയുമാണെങ്കിൽ സത്യവിരോധത്തിന്റെ നായകന്മാരോട് പൊരുതിക്കൊള്ളുക. എന്തുകൊണ്ടെന്നാൽ അവരുടെ പ്രതിജ്ഞകൾക്ക് യാതൊരു വിലയുമില്ല. യുദ്ധം കൊണ്ടെങ്കിലും അവർ വിരമിച്ചെങ്കിലോ.

وَإِن نَّكَثُوٓا۟ = അവർ ലംഘിക്കുകയാണെങ്കിൽ أَيْمَـٰنَهُم = അവരുടെ പ്രതിജ്ഞകളെ
مِّنۢ بَعْدِ عَهْدِهِمْ = അവരുടെ കരാറിനു (കരാർ ചെയ്ത)ശേഷം
وَطَعَنُوا۟ = അവർ അവഹേളിക്കുക, കുത്തിനോക്കുവിക്കുകയുമാണെങ്കിൽ فِى دِينِكُمْ = നിങ്ങളുടെ മതത്തിൽ
فَقَـٰتِلُوٓا۟ = അപ്പോൾ നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുക, പൊരുതിക്കൊള്ളുക
أَئِمَّةَ ٱلْكُفْرِ ۙ = സത്യവിരോധത്തിന്റെ നായകന്മാരോട് إِنَّهُمْ = എന്തുകൊണ്ടെന്നാൽ അവർ
لَآ أَيْمَـٰنَ لَهُمْ = അവർക്ക് പ്രതിജ്ഞയില്ല (അവരുടെ പ്രതിജ്ഞകൾക്ക് യാതൊരു വിലയുമില്ല)
لَعَلَّهُمْ يَنتَهُونَ = (യുദ്ധം കൊണ്ടെങ്കിലും) അവർ വിരമിച്ചെങ്കിലോ

**12:** ഇവിടെ 'അവർ' എന്ന സർവനാമത്തിന്റെ സൂചിതരെ പണ്ഡിതന്മാർ മൂന്നു തരത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. പ്രവാചകനുമായി കരാറിലേർപ്പെട്ട വിഗ്രഹാരാധകരും വേദക്കാരുമായ എല്ലാവരുമാണെന്ന് ചിലർ മനസ്സിലാക്കുന്നു. നേരത്തേ 'മസ്ജിദുൽ ഹറാമിനടുത്തുവെച്ച് കരാർ ചെയ്തവർ' എന്നു പരാമർശിക്കപ്പെട്ടവരാണെന്നു വേറൊരു കൂട്ടർ പറയുന്നു. ഇസ്‌ലാമിനെതിരെ യുദ്ധം ചെയ്യുന്നതിൽനിന്നും ശത്രുതയിൽനിന്നും പിന്മാറി, മുൻകാല ചെയ്തികളിൽ പശ്ചാത്തപിച്ച് മുസ്‌ലിംകളുടെ കൂട്ടത്തിൽ ചേർന്നവരെയാണ് സൂചിപ്പിക്കുന്നതെന്നാണ് മൂന്നാമത്തെ അഭിപ്രായം. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് ആശയമിതാണ്: ദീനുൽ ഇസ്‌ലാമിനോട് യുദ്ധംചെയ്യുന്നു എന്നതു തന്നെ അവരോട് മുസ്‌ലിംകൾ യുദ്ധത്തിലേർപ്പെടാൻ മതിയായ കാരണമാണ്. ആ യുദ്ധംചെയ്യുന്നവർ മുസ്‌ലിംകളുമായുണ്ടാക്കിയ സമാധാനകരാറുകൾ പിച്ചിച്ചീന്തിയവരാണ് എന്നു വരുമ്പോൾ വിശേഷിച്ചും. അത്തരക്കാരെ സാധാരണ ധർമവിരുദ്ധശക്തികളായി കണ്ടാൽ പോരാ, ധർമവിരോധത്തിന്റെ നേതാക്കളായി വേണം കാണാൻ. കുഫ്‌റിന്റെ നേതാക്കൾ എന്നതുകൊണ്ടുദ്ദേശ്യം ഖുറൈശികളുടെയും മറ്റു ചില ഗോത്രങ്ങളുടെയും തലവന്മാരാണെന്നും ചിലർ പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിച്ച് അവഹേളിക്കുന്നതിലും സൈനികാക്രമണങ്ങളിലൂടെ നശിപ്പിക്കാൻ ശ്രമിക്കുന്നതിലും മുൻപന്തിയിലുണ്ടായിരുന്നത് ഖുറൈശികളുടെയും അവരുടെ സുഹൃദ് ഗോത്രങ്ങളുടെയും നേതാക്കളായിരുന്നു. പ്രവാചകനുമായി സഖ്യം ചെയ്ത ഗോത്രങ്ങളെ അത് ലംഘിക്കാൻ പ്രേരിപ്പിച്ചിരുന്നതും അവർ തന്നെ. ഖുറൈശികൾ ഹുദൈബിയാ സന്ധി ലംഘിക്കാൻ തീരുമാനിച്ചപ്പോൾ അബൂസുഫ്‌യാൻ, പ്രവാചകനുമായി സഖ്യത്തിലേർപ്പെട്ട ഇതര ഗോത്രങ്ങളുടെ തലവന്മാരെ ക്ഷണിച്ചുവരുത്തി ഒരു സദ്യ നൽകിയതായും മുഹമ്മദുമായുള്ള കരാർ ലംഘിക്കണമെന്ന് അതിൽ വെച്ച് അവരോട് അഭ്യർഥിച്ചതായും, ചിലർ ആ അഭ്യർഥന സ്വീകരിച്ചതായും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവരെക്കുറിച്ചാണ് ഒമ്പതാം സൂക്തത്തിൽ اشْتَرَوْا بِآيَاتِ اللَّهِ ثَمَنًا قَلِيلًا (അവർ ദൈവികസൂക്തങ്ങളെ തുഛ വിലയ്ക്ക് വിറ്റുകളഞ്ഞു) എന്ന് പ്രസ്താവിച്ചതെന്ന് ഒരു വ്യാഖ്യാനവുമുണ്ട്. അതൊക്കെ

പക്ഷേ മക്കാ വിമോചനത്തിനു മുമ്പാണ്. ഈ സൂക്തം അവതരിക്കുന്നത് മക്കാ വിമോചനത്തിനു ശേഷമാണ്. അവർ ചൂണ്ടിക്കാണിക്കുന്ന നേതാക്കളധികവും അപ്പോഴേക്കും മരിച്ചുപോയിരുന്നു. അവശേഷിച്ചവർ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ച അത്തരം ഖുറൈശീ നേതാക്കളിലൊരാളാണ് അബൂസുഫ്‌യാൻ.

'അവർ' മസ്ജിദുൽ ഹറമിനടുത്തുവെച്ച് കരാർ ചെയ്ത ഗോത്രങ്ങളാണ് എന്ന അഭിപ്രായമനുസരിച്ച് സാരമിതാണ്: അവർ നല്ലനിലയിൽ കരാർ പാലിക്കുന്നേടത്തോളം നിങ്ങളും അപ്രകാരം പാലിക്കണം. നാളെ അവരും കരാർ ലംഘിക്കുകയാണെങ്കിൽ യാതൊരു ദാക്ഷിണ്യവുമില്ലാതെ, അവരെ കുഫ്‌റിന്റെ തലവന്മാരായി കണ്ട് നേരിടണം. അവരുടെ ഗതി ഇസ്‌ലാമിനെതിരെ വാളുയർത്താൻ കൊതിക്കുന്ന മറ്റു ഗോത്രങ്ങൾക്ക് ഒരു പാഠമായിത്തീരട്ടെ. കരാർ ലംഘിച്ച ഗോത്രങ്ങളോട് അതിലേക്ക് അവരെ നയിച്ച നേതാക്കളെ ലക്ഷ്യമാക്കി യുദ്ധം ചെയ്യുക എന്നുമാവാം താൽപര്യം.

'അവർ' ശത്രുക്കളിൽനിന്ന് പിന്മാറി മുസ്‌ലിംകളുടെ കൂട്ടത്തിൽ ചേർന്നവരാണെന്നു വെക്കുമ്പോൾ ആശയം ഇതാണ്: നിങ്ങളുടെ മുമ്പിൽ വന്ന് മുൻകാല ചെയ്തികളിൽ പശ്ചാത്തപിക്കുകയും മേലിൽ മുസ്‌ലിമായി നിങ്ങളോടൊപ്പം ജീവിക്കുകയും പരസ്പരം സഹോദരന്മാരും സംരക്ഷകരുമായി വർത്തിക്കുകയും ചെയ്യാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തവർ, പിന്നെയും ശത്രുക്കളുടെ കൂട്ടത്തിൽ ചേരുകയാണെങ്കിൽ അവരോട് നിസ്സങ്കോചം യുദ്ധം ചെയ്തുകൊള്ളണം. അവരുമായി കരാറുണ്ടല്ലോ എന്ന യാതൊരു പരിഗണനയും വേണ്ട. കുഫ്‌റിന്റെ നായകന്മാരാണവർ. നിങ്ങളുമായുണ്ടാക്കിയ കരാറിന് യാതൊരു വിലയുമില്ലെന്ന് അവർ സ്വയം തെളിയിച്ചിരിക്കുന്നു. അത്തരക്കാർ വീണ്ടും കരാറുണ്ടാക്കാൻ വന്നാൽ ചെവികൊള്ളേണ്ടതുമില്ല. ഇന്നലത്തെ കരാർ പോലെ ഇന്നത്തെ കരാറും നാളെ അവസരം കിട്ടിയാൽ അവർ ലംഘിക്കും. വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം കൊണ്ടേ അവർ ഇത്തരം ദുഷ്പ്രവൃത്തികളിൽനിന്ന് പിന്തിരിയാൻ സാധ്യതയുള്ളൂ. ആധുനിക ഖുർആൻ വ്യാഖ്യാതാക്കളിൽ ഉസ്താദ് റശീദ് രിദാ ഒന്നാമത്തെ വ്യാഖ്യാനവും അമീൻ അഹ്‌സൻ ഇസ്‌ലാഹി രണ്ടാമത്തെ വ്യാഖ്യാവനും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി മൂന്നാമത്തെ വ്യാഖ്യാനവുമാണ് സ്വീകരിച്ചിട്ടുള്ളത്.

نَكَثَ-യുടെ ബഹുവചനമാണ് نَكَثُوا. ചരടിന്റെ/കയറിന്റെ പിരി അഴിച്ചു എന്നാണതിന്റെ ഭാഷാർഥം. نَكَثَ പിന്നീട് نقض-യുടെ അർഥത്തിലും ഉപയോഗിക്കപ്പെട്ടു. ഏകപക്ഷീയമായ പ്രതിജ്ഞക്കും ഉഭയകക്ഷി കരാറിനും ഉപയോഗിക്കുന്ന പദമാണ് أيمان. സൂക്തം പരാമർശിക്കുന്നത് കരാർ ലംഘിച്ചവരെയോ, ഇതുവരെ ലംഘിച്ചിട്ടില്ലാത്തവരും ഇനി ലംഘിക്കാനിടയുള്ളവരുമായ വിഗ്രഹാരാധകരെയോ ആണെന്ന് വെക്കുമ്പോൾ, وَإِن نَّكَثُوٓا۟ أَيْمَٰنَهُم എന്ന വാക്കിനർഥം 'അവർ കരാർ ലംഘിച്ചാൽ' എന്നുതന്നെയാണ്. ശത്രുതയിൽനിന്ന് പിന്തിരിഞ്ഞ് പശ്ചാത്തപിച്ചവരാണ് പരാമർശിക്കപ്പെടുന്നതെങ്കിൽ അർഥം 'അവർ സ്വന്തം പ്രതിജ്ഞ ലംഘിച്ചാൽ' എന്നാകുന്നു. അവരുടെ തൗബയാണ് പ്രതിജ്ഞ കൊണ്ട് വിവക്ഷ. ചെയ്തത് തെറ്റായിരുന്നുവെന്ന് ഏറ്റുപറയലും ഇനിയത് ആവർത്തിക്കില്ലെന്ന പ്രതിജ്ഞയുമാണല്ലോ തൗബ. തൗബയിൽനിന്നുള്ള പിന്മാറ്റം പ്രതിജ്ഞാലംഘനവുമാണ്. إِنَّهُمْ لَآ أَيْمَٰنَ لَهُمْ എന്നതിന്റെ നേർക്കു നേരെയുള്ള അർഥം, 'അവർക്ക് പ്രതിജ്ഞ അല്ലെങ്കിൽ കരാർ ഇല്ല' എന്നാണ്. അവരുടെ പ്രതിജ്ഞക്കും കരാറിനും യാതൊരു വിലയുമില്ല. കരാറിലെ കക്ഷികളായി അവരെ പരിഗണിക്കേണ്ടതില്ല, ഇനി അവരുമായി കരാർ ചെയ്യുകയും വേണ്ട എന്നാകുന്നു താൽപര്യം.

طَعَنُوا۟ فِى دِينِكُمْ എന്ന വാക്കിനെയാണ് 'നിങ്ങളെ മതത്തിൽ കുത്തിനോവിച്ചാൽ' എന്ന് തർജമ ചെയ്തിട്ടുള്ളത്. 'അവർ നിങ്ങളുടെ ദീനിൽ കുത്തിയാൽ' എന്നാണ് പദാനുപദ തർജമ. طَعَنَ എന്ന ക്രിയയുടെ ബഹുവചനമാണ് طَعَنُوا. കുത്തി, ഇടിച്ചു, തുളച്ചു എന്നും അവഹേളിച്ചു, അഭിമാനദൂഷണം ചെയ്തു, വെല്ലുവിളിച്ചു എന്നും ഈ പദത്തിനർഥമുണ്ട്. സാധാരണ ശകാരത്തിനപ്പുറം ഒരാളുടെ അഭിമാനം ക്ഷതപ്പെടുത്തുകയും വികാരം വ്രണപ്പെടുത്തുകയും ചെയ്യുന്നവിധത്തിൽ നിന്ദിച്ചു സംസാരിക്കുകയാണ് طَعْن. ഒരാളുടെ മതത്തെ, അയാൾ വ്രണിത ഹൃദയനും അപമാനിതനുമാകുംവണ്ണം നിന്ദിച്ചാൽ طَعَنَ فِى دينه എന്നു പറയും. ഇവിടെ طَعَن-യെ ഭാഷാർഥത്തിലെടുത്താൽ 'മതത്തെ നിന്ദിച്ചു കൊണ്ട് നിങ്ങളെ വ്രണിതരും അവഹേളിതരുമാക്കിയാൽ' എന്നുമാകുന്നു ആശയം.

ആളുകളെ തെറ്റിദ്ധരിപ്പിച്ച് ഇസ്‌ലാമിൽ നിന്നകറ്റി നിർത്താൻ അറേബ്യൻ ഗോത്രങ്ങൾ സ്വീകരിച്ച പ്രധാന തന്ത്രങ്ങളിലൊന്നായിരുന്നു, പ്രവാചകനെയും അദ്ദേഹത്തിന്റെ ആദർശത്തെയും അപകീർത്തിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്ന ആ പ്രചാരണം. ശത്രുഗോത്രങ്ങളിലെ നേതാക്കളും കവികളും പ്രഭാഷകരുമൊക്കെയായിരുന്നു അതിന്റെ മുൻപന്തിയിലുണ്ടായിരുന്നത്. അക്കാലത്ത് അറേബ്യയിൽ കവിതകൾക്ക് ഇന്നത്തെ വാർത്താമാധ്യമങ്ങളുടെ സ്ഥാനമായിരുന്നു. സംഭവങ്ങൾ പ്രചരിച്ചിരുന്നതും ചരിത്രങ്ങൾ കൈമാറപ്പെട്ടിരുന്നതും മുഖ്യമായും കവിതകളിലൂടെയാണ്. ഇസ്‌ലാമിനെതിരെ പ്രചരിക്കുന്ന ആക്ഷേപ ഹാസ്യ കവിതകൾക്ക് കവിതയിലൂടെ തന്നെ മറുപടി നൽകാൻ പ്രവാചകൻ തന്റെ ശിഷ്യന്മാരിലെ കവികളോടാവശ്യപ്പെടാറുണ്ടായിരുന്നു. മദീനാ മുസ്‌ലിംകൾക്കിടയിലെ പ്രധാന കവിയായിരുന്നു ഹസ്സാൻ ഇബ്നു സാബിത്. മക്കയിലെ ഖുറൈശികൾ ഇസ്‌ലാമിനെതിരെ പ്രചരിപ്പിച്ച ആക്ഷേപ കവിതകൾക്ക് അദ്ദേഹം ധാരാളം മറുകവിതകൾ പാടുകയുണ്ടായി. മുസ്‌ലിംകളുമായി സമാധാന സന്ധിയിലേർപ്പെട്ടവർ വിശ്വാസികളുടെ വികാരം വ്രണപ്പെടും മട്ടിൽ ഇസ്‌ലാമിനെയും പ്രവാചകനെയും അവഹേളിക്കുന്ന പ്രചാരണങ്ങളിലേർപ്പെടുന്നത് സന്ധിയുടെ പരോക്ഷമായ ലംഘനമായിരുന്നു. ഹുദൈബിയാ സന്ധിക്ക് മുമ്പും അതിനു ശേഷവും, ഇസ്‌ലാംദൂഷണവും പ്രവാചകനിന്ദയും പാടിപ്പരത്തിയ ഖുറൈശി കവിയായിരുന്നു കഅ്ബുബ്നു മാലിക്. ശല്യം അഹസ്യമായപ്പോൾ പ്രവാചകൻ ഇദ്ദേഹത്തെ വധാർഹനായി പ്രഖ്യാപിച്ചു. മക്ക വിമോചിതമായപ്പോൾ ഇദ്ദേഹം ഒളിവിൽ പോയി. കുറേ കാലത്തിനു ശേഷം ഇതേ കഅ്ബുബ്നു മാലിക് മദീനയിൽ പ്രവാചകന്റെ മുമ്പിലെത്തി തന്റെ പൂർവകാല ചെയ്തികളിൽ പശ്ചാത്താപമറിയിക്കുകയും പ്രവാചകനെ പ്രകീർത്തിച്ചുകൊണ്ട് അതിമനോഹരമായ ഒരു കാവ്യശിൽപം അവതരിപ്പിക്കുകയും ചെയ്തു. പ്രവാചകൻ സ്വന്തം പുതപ്പൂരി പുതപ്പിച്ചുകൊണ്ടാണ് കഅ്ബിനെ സ്വീകരിച്ചത്. കഅ്ബ് അന്നു പാടിയ പ്രവാചകകീർത്തനം 'ബാനത് സുആദ്' എന്ന പേരിൽ ഇന്നും മുസ്‌ലിംലോകത്ത് പ്രസിദ്ധമാണ്.

ഈ സൂക്തത്തെ ആധാരമാക്കി, ഇസ്‌ലാമിക സമൂഹവുമായി കരാറിലേർപ്പെട്ടിട്ടുള്ളവരും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സംരക്ഷണത്തിലുള്ളവരും, ഇസ്‌ലാമിനെയോ അതിന്റെ പ്രവാചകനെയോ വേദത്തെയോ നിന്ദിക്കുന്നത് വധാർഹമായ കുറ്റമാണെന്ന് കർമശാസ്ത്ര പണ്ഡിതന്മാർ വിധിച്ചിരിക്കുന്നു. ഇസ്‌ലാ

മിക രാഷ്ട്രം അമുസ്‌ലിംകളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിൽ, അവർ രാഷ്ട്രത്തിന്റെ മൂല്യങ്ങൾ മാനിക്കുന്നതാണെന്ന ഒരു കരാർ ഉൾപ്പെട്ടിട്ടുണ്ടെന്നും, ഇസ്‌ലാംനിന്ദ ആ കരാറിന്റെ ലംഘനമാണെന്നും ഉള്ള അടിസ്ഥാനത്തിലാണ് സഖ്യബന്ധമുള്ളവരുടെ വിധി അവർക്കും ബാധകമാക്കിയിരിക്കുന്നത്.

സഹകരണക്കരാറോ സംരക്ഷണാവകാശമോ ഇല്ലാത്ത സമൂഹങ്ങളിൽനിന്ന് മുസ്‌ലിംകളെ കുത്തിനോവിക്കുന്ന തരത്തിലുള്ള ഇസ്‌ലാംനിന്ദയുണ്ടായാൽ സ്വീകരിക്കേണ്ട സമീപനമെന്ത്, ആ നടപടി ഇസ്‌ലാമിനെതിരെ അവരഴിച്ചുവിടുന്ന യുദ്ധമായി പരിഗണിച്ച് സായുധമായി നേരിടേണ്ടതുണ്ടോ, അതോ മറ്റു വല്ല പരിഹാരമാർഗവുമാണോ തേടേണ്ടത്; സാഹചര്യങ്ങളുടെ സവിശേഷതകൾ പരിഗണിച്ച് തീരുമാനിക്കേണ്ടതാണിത്. ഏതായാലും സംഘർഷം വളർത്തുകയല്ല, പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. ഇക്കാലത്ത് എവിടെയെങ്കിലും ഒരാൾ ഇസ്‌ലാമിനെ നിന്ദിക്കുന്നത് അയാളുൾക്കൊള്ളുന്ന സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും അറിവോടെയോ ആജ്ഞാനുസാരമോ ആവണമെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ആ സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഉത്തരവാദപ്പെട്ടവരിലൂടെ തന്നെ അതിനു പരിഹാരം കാണാൻ ശ്രമിക്കുന്നതാണ് ഉചിതം. അവരത് പരിഗണിക്കുന്നില്ലെങ്കിൽ മറ്റു മാർഗങ്ങൾ ആരായാം. എന്നാൽ സമുദായ നേതൃത്വത്തിന്റെ അല്ലെങ്കിൽ രാഷ്ട്രീയ നേതൃത്വത്തിന്റെ അനുവാദത്തോടെ ഇസ്‌ലാം നിന്ദിക്കപ്പെടുന്നതും അവഹേളിക്കപ്പെടുന്നതും നിസ്സംഗമായി നോക്കിനിന്നുകൂടാ. ഇസ്‌ലാമിക നേതൃത്വം അതിനെതിരെ അനിവാര്യമെങ്കിൽ സായുധ പോരാട്ടം വരെയുള്ള നടപടികൾ സ്വീകരിക്കാൻ ബാധ്യസ്ഥമാണ്. ഇസ്‌ലാമിക നേതൃത്വമാണ് അതൊക്കെ ചെയ്യേണ്ടത്. വ്യക്തികൾ സ്വന്തം നിലയിൽ പ്രതികാരത്തിനിറങ്ങുന്നതും കലാപം പരത്തുന്നതും അനുവദനീയമല്ല.

വിശ്വാസികളെ അപമാനിക്കുകയും വികാരം വ്രണപ്പെടുത്തുകയും ചെയ്യുന്ന രീതിയിൽ, ഇസ്‌ലാമിക മൂല്യങ്ങളെയും ചിഹ്നങ്ങളെയും അവഹേളിക്കുകയാണ് الطعن فى الدين. മാന്യമായ നിരൂപണത്തിനും വിമർശനത്തിനും മാന്യമായ വിശദീകരണം നൽകുകയാണ് വേണ്ടത്. ഖുർആൻ 16:125-ൽ കൽപിക്കുന്നതതാണ്:

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ

(തത്ത്വജ്ഞാനത്താലും സുന്ദരമായ സദുപദേശത്താലും നാഥന്റെ മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക. ഏറ്റം നല്ല രീതിയിൽ ജനങ്ങളോട് സംവദിക്കുക). ഇസ്‌ലാമിനെതിരെ അവിശ്വാസികൾ ഉന്നയിച്ച ധാരാളം വിമർശനങ്ങൾക്ക് ഖുർആൻ മാന്യമായി മറുപടി പറയുന്നുണ്ട്. അറിവില്ലാത്തവരുടെ ജൽപനങ്ങളിലും വിശ്വാസികൾ പ്രകോപിതരാവേണ്ടതില്ല. മൂഢ ജൽപനങ്ങളെ അവഗണിക്കാനാണ് ഖുർആന്റെ കൽപന. خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَٰهِلِينَ (ദയയും വിട്ടുവീഴ്ചയും കൈക്കൊള്ളുക. നല്ല കാര്യങ്ങൾ ഉപദേശിച്ചുകൊണ്ടിരിക്കുക. മൂഢന്മാരോട് തർക്കിക്കാതിരിക്കുക- 7:199).

എന്നാൽ ഇസ്‌ലാമിക മൂല്യങ്ങളെയും ചിഹ്നങ്ങളെയും രൂക്ഷമായി അവഹേളിച്ചുകൊണ്ട് മുസ്‌ലിം വികാരത്തെ വ്രണപ്പെടുത്താനും അവരുടെ ആത്മവിശ്വാസവും ധാർമികവീര്യവും തകർക്കാനും പാശ്ചാത്യനാടുകളിൽ ആസൂത്രിതമായും സംഘടിതമായും നടക്കുന്ന ശ്രമങ്ങളെ ഇസ്‌ലാമിനെതിരിലുള്ള സാംസ്കാരിക യുദ്ധമായി കണ്ട് ശക്തിയുക്തം ചെറുക്കേണ്ടതുണ്ട്. അന്യരെ നിന്ദിക്കുന്നതും അവഹേളിക്കുന്നതും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പ്രയോഗമല്ല; കെട്ടുനാറിയ വിദ്വേഷത്തിന്റെ വിരേചനമാണ്. വാളുകൊണ്ടുള്ള ആക്രമണത്തേക്കാൾ നീചവും ക്രൂരവുമായ ആക്രമണമാണത്. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇസ്‌ലാംനിന്ദയെ പ്രോത്സാഹിപ്പിക്കുന്നവർ, സ്വന്തം മതത്തെ നിന്ദിക്കുന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്നു എന്നതുതന്നെ അവരുടെ കാപട്യം തുറന്നു കാണിക്കുന്നുണ്ട്. ■